**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 866** | **06-02-2023 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രരെ കണ്ടെത്താൻ നടത്തിയ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ കെ ആൻസലൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അതിദരിദ്രരെ കണ്ടെത്താൻ നടത്തിയ സർവേ പ്രകാരം ആകെയുള്ള അറുപത്തിനാലായിരം അതി ദരിദ്ര കുടുംബങ്ങളിൽ നാലിൽ ഒരു ഭാഗം പട്ടികജാതി, പട്ടിക ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരാണെന്നതിനാൽ ഇവർക്കിടയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ അതിദാരിദ്ര്യ നിർണ്ണയ സർവ്വേ പ്രകാരം അതിദരിദ്രരായി 64006 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അവരിൽ 12763 പട്ടികജാതി കുടുംബങ്ങളും, 3021 പട്ടികവർഗ്ഗ കുടുംബങ്ങളും ഉൾപ്പെട്ടിരിക്കുന്നു. പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ മുഖേന സർക്കാർ പ്രത്യേക ഇടപെടലുകൾ നടത്തിവരുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷമതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് HOME (Household Oriented Micro-planning for Empowerment) പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അതിദരിദ്ര ദുർബല വിഭാഗങ്ങൾക്കിടയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ഊന്നൽ നൽകുന്നു. |
| (ബി) | പട്ടികജാതികളിലെ ദുർബല വിഭാഗങ്ങളുടെയും പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുടെയും വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുന്നുണ്ടോയെന്നറിയിക്കുമോ; | (ബി) | പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്ലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ അഞ്ച് ഉപജാതി വിഭാഗങ്ങളുടെ സാമൂഹ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതിയാണ് HOME (Household Oriented Microplanning for Empowerment). |

| | | | |
|---|---|---|---|
| | | | **നാല് ഘട്ടങ്ങളിലായാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്**<br><br>കുടുംബാടിസ്ഥാനത്തിൽ സ്ഥിതി വിവരശേഖരണം<br><br>ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ<br><br>സൂക്ഷ്മതല പദ്ധതി രൂപീകരണം<br><br>പദ്ധതി നിർവ്വഹണവും അവലോകനവും<br><br>പ്രസ്തുത പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു.<br><br>പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ഫലപ്രാപ്തി യഥാസമയം വിലയിരുത്തുന്നുണ്ട്. നിയമസഭാ മണ്ഡല തലത്തിൽ എം.എൽ.എ മാരുടെ നേതൃത്വത്തിൽ രൂപം നൽകിയിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികളിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതാണ്. കൂടാതെ ജില്ലകളിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, ജില്ലാ പ്ലാനിംഗ് കമ്മിറ്റി, ജില്ലാ വികസന സമിതി എന്നിവയും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രിതലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിലും പദ്ധതികളുടെ പ്രത്യേകമായി പുരോഗതി വിലയിരുത്തപ്പെടുന്നു. |
| (സി) | പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതി കാര്യക്ഷമമായി പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ? | (സി) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഫുഡ്സപ്പോർട്ട് പ്രോഗ്രാം, കമ്മ്യൂണിറ്റി കിച്ചൺ പ്രോഗ്രാം എന്നീ പദ്ധതികളാണ് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. ഗർഭിണികളും, മുലയൂട്ടുന്നതുമായ സ്ത്രീകൾക്ക് പോഷകാഹാരം ഉറപ്പുവരുത്തുന്നതിന് ജനനി ജന്മ രക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയിലൂടെ അട്ടപ്പാടി മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാര കുറവ് പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിനായി പ്രത്യേക പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ